**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1293** **10-10-2024 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് - പാലക്കാട് പുതിയ ഗ്രീൻഫീൽഡ് ഹൈവേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട്-പാലക്കാട് പുതിയ ഗ്രീൻഫീൽഡ് ഹൈവേയുടെ സ്ഥലമെടുപ്പും നിർമ്മാണ പ്രവൃത്തികളുടെ പുരോഗതിയും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | കോഴിക്കോട്-പാലക്കാട് പുതിയ ഗ്രീൻഫീൽഡ് ഹൈവേയുടെ സ്ഥലമെടുപ്പും നിർമ്മാണ പ്രവൃത്തികളുടെ പുരോഗതിയും സംബന്ധിച്ച ഹൈവേയുടെ സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട് ആവശ്യമുള്ള മുഴുവൻ സ്ഥലത്തിനും 3A നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്, 96% സ്ഥലത്തിന്റെ 3D നോട്ടിഫിക്കേഷനും 89% സ്ഥലത്തിന്റെ 3G നോട്ടിഫിക്കേഷനും പുറപ്പെടുവിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുത്ത് നഷ്ടപരിഹാരം നൽകുന്ന പ്രക്രിയ പുരോഗമിക്കുന്നു. |
| (ബി) | പ്രസ്തുത റോഡിൽ മലപ്പുറം ജില്ലയിലെ ഭാഗങ്ങളിൽ എത്ര എക്സിറ്റ്/എൻട്രി പോയിന്റുകൾ ഉണ്ട് എന്ന് വ്യക്തമാക്കുമോ; | (ബി) | ഇത് സംബന്ധിച്ച പഠനത്തെത്തുടർന്ന് മലപ്പുറം ജില്ലയിൽ 6 ആക്സസ് പോയിന്റുകൾ നൽകാൻ തീരുമാനിച്ചതായി ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. |
| (സി) | നിലവിലെ പ്രധാന ഗ്രാമീണ, ജില്ലാ റോഡുകളിൽ നിന്നും ഹൈവേയിലേക്ക് കണക്ഷൻ നൽകുന്നതിന് നടപടിയുണ്ടാകുമോ എന്ന് വ്യക്തമാക്കുമോ; | (സി) | 120.845 കിലോമീറ്റർ നീളത്തിലുള്ള നിർദ്ദിഷ്ട പാലക്കാട് കോഴിക്കോട് ഗ്രീൻഫീൽഡ് ഹൈവേ Access Controlled ഹൈവേ ആയാണ് ദേശീയപാത അതോറിറ്റി രൂപകൽപ്പന ചെയ്തിരിക്കുന്നത്. സാങ്കേതികമായി സാധ്യമായ എല്ലാ ഭാഗങ്ങളിലും സർവീസ് റോഡുകൾ നൽകിയിട്ടുള്ളതായി ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. ഇത്തരത്തിൽ ഹൈവേയുടെ ഇരു ഭാഗങ്ങളിലായി ആകെ 193.948 കിലോമീറ്റർ ദൂരം സർവീസ് റോഡുകൾ നൽകിയിട്ടുണ്ട്. ആയതിനാൽ ആക്സസ് പോയിന്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നത് നിലവിൽ സാങ്കേതികമായി സാധ്യമല്ല എന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | റോഡ് നിർമ്മാണത്തിന്റെ ഡിസൈൻ അന്തിമമാക്കുമ്പോൾ എം.എൽ.എ., പഞ്ചായത്ത്-നഗരസഭാ ജനപ്രതിനിധികളുമായി ചർച്ച ചെയ്ത ശേഷമേ അലൈൻമെന്റ് പൂർത്തീകരിക്കാവൂ എന്ന നിർദ്ദേശം നൽകുമോ? | (ഡി) | റോഡ് നിർമ്മാണത്തിന്റെ ഭാഗമായി ജനപ്രതിനിധികളുമായി വിവിധ യോഗങ്ങൾ നടത്തി, യോഗങ്ങളിലെ നിർദ്ദേശങ്ങളിൽ സാങ്കേതികമായി സാധ്യമായവ വിശദമായ പദ്ധതി രേഖ (DPR) -യിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ